# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA.P9-1121/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA.P9-1121/2023 തീയ്യതി: 10/11/2023

## പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ കെ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആർ മോഹനൻ നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പി നന്ദകുമാർ | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീ പി ജെ രാജേഷ് കുമാർ | സെക്രട്ടറി | 30-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.തത്ത ദമനൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ജ്യോതി വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2022 | 31-03-2023 |
| ശ്രീ രഞ്ജിത്ത് കുമാർ എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനുപമ കെ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ഫിജു സി ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു ഷാരോൺ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജന മോഹനൻ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുമ എസ് എൽ, | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീമതി സിനിമോൾ കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 29-09-2022 | 17-10-2022 |
| ശ്രീമതി മിനി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-03-2023 |
| ശ്രീമതി സൂസൻ കുര്യൻ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ കാർത്തിക് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-09-2022 |
| ശ്രീ നന്ദകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകൾ - നീക്കിയിരിപ്പ് കൃത്യമല്ല | 1-1-1 |
| 3 | ലോൺ അക്കൗണ്ട് - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-2 |
| 4 | ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഇല്ല | 1-1-3 |
| 5 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കൃത്യമല്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല | 1-1-8 |
| 10 | റിഡംമ്ഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കൃത്യമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | റവന്യൂ വിഭവ സമാഹരണം - അവലോകനം | 1-11 |
| 22 | തൊഴിൽനികുതി പിരിവ് | 1-12 |
| 23 | റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല. | 1-13 |
| 24 | ലേലം - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 25 | ഇ- ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല | 1-15 |
| 26 | ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല | 1-16 |
| 27 | തെരുവു വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയറിംഗും - | 1-17 |

| | | |
|---|---|---|
| | അപാകതകൾ | |
| 28 | ടേക്ക്-എ-ബ്രേക്ക് ടോയ്‌ലെറ്റ് നിഷ്ക്രിയ ആസ്തിയായി മാറുന്നു | 1-18 |
| 29 | വാതിൽപ്പടി സേവനം -പരിശീലനത്തിൽ ഒതുങ്ങി | 1-19 |
| 30 | തെങ്ങിൻ തൈ ഉത്പാദനം - തുടർ നടപടി ഇല്ല | 1-20 |
| 31 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-21 |
| 32 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചില്ല | 1-22 |
| 33 | എസ്എൽബിപി - ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തിരികെ ഒടുക്കിയില്ല | 1-23 |
| 34 | വെള്ളക്കരം അധികം ഒടുക്കി | 1-24 |
| 35 | തോട് നവീകരണ പദ്ധതി - അപാകതകൾ | 1-25 |
| 36 | അജൈവമാലിന്യ ശേഖരണം നടപ്പായില്ല | 1-26 |
| 37 | അങ്കണവാടിയ്ക്ക് വയറിംഗ് - പ്രോജക്ട് നടപ്പിലാക്കിയില്ല | 1-27 |
| 38 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 1-28 |
| 39 | കരാർ ജീവനക്കാരുടെ സേവന വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-29 |
| 40 | സംരക്ഷണ ഗ്രാന്റ് വിഹിതം - 67.03 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 1-30 |
| 41 | പണമടച്ചു: പിഎച്ച്സിക്ക് മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല | 1-31 |
| 42 | പഠനമുറി- നിർമാണം പൂർത്തീകരിച്ചില്ല | 1-32 |
| 43 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21-06-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 22-06-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

10.11.2023 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1-1-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകൾ - നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ ബി4 ( Grants & Contributions For Specific Purposes):- സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(4143194) ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി (3986857) പൊരുത്തപ്പെടുന്നില്ല.

## 1-1-2 ലോൺ അക്കൗണ്ട് - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി5 ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭിച്ച 520000രൂപ Loan From Hudco (330500202) സെക്യേർഡ് ലോൺ ആയി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

## 1-1-3 ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഇല്ല

ഷെഡ്യൂൾ B14:-ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 മുൻകൂർ ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി 18

A)പഞ്ചായത്ത് ഓഫീസിൽ യു.പി.എസ്. സ്ഥാപിക്കുന്നതിന് 2017-18ൽ PWDയിൽ നിക്ഷേപിച്ച തുക ക്രമീകരിച്ചിട്ടില്ല.

B)Temporary Advance For Official Purpose ഇനത്തിൽ 2018-19 ൽ നൽകിയ 10000രൂപ ക്രമീകരിച്ചിട്ടില്ല.

### 1-1-5 ആസ്തി രജിസ്റ്റർ കൃത്യമല്ല

ആസ്തി രജിസ്റ്റർ കൃത്യമല്ല. ധനകാര്യ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക, തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ എന്നിവ പൊരുത്തപ്പെടുന്നില്ല.

### 1-1-8 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- 790983 രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-9 റിഡംമ്ഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കൃത്യമല്ല

ഷെഡ്യൂൾ B-15:- ഗ്രാമപ്പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിന്നും ധനകാര്യ വകുപ്പ് കുറവ് ചെയ്ത തുക 3986857 രൂപയാണ്. എന്നാൽ Redumption ഇനത്തിൽ 2986857 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 05-03-2022 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 25-03-2022 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 07-02-2023 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 5104583 | 12759711 | 7655128 |
| വരവ് | 182286000 | 36327417 | 145958583 |
| ആകെ | 187390583 | 49087128 | 138303455 |
| ചെലവ് | 183360300 | 36572139 | 146788161 |
| നീക്കിയിരിപ്പ് | 4030283 | 12514989 | 8484706 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12759711 | |
| വരവ് | 36327417 | |

| | | |
|---|---|---|
| ആകെ വരവ് | 49087128 | 126902027 |
| ചെലവ് | 36572139 | 132533003 |
| നീക്കിയിരിപ്പ് | 12514989 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 14919000 | 14919000 | 13351512 | 922170 | 1567488 |
| വികസനഫണ്ട് (SCP) | | 10766000 | 10766000 | 9626690 | 545400 | 1139310 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 1922904 | 5818334 | 7741238 | 4578470 | | 3162768 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1202356 | 2455200 | 3657556 | 2410281 | | 1247275 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 6429000 | 6429000 | 2238545 | | 4190455 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | | 4570000 | 4570000 | 2057247 | | 2512753 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| എസ്.എസ്.എ. | 35519 | 975 | 36494 | - | - | 36494 |
| ലൈബ്രറി ഗ്രാന്റ് | - | - | - | - | - | - |
| സാക്ഷരത | 2573 | 103 | 2676 | - | - | 2676 |
| ശുചിത്വ മിഷൻ | - | 150000 | 150000 | 150000 | - | 0 |
| Life State Share | 520000 | 4800000 | 5320000 | 2480000 | | 2840000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| MGNREGS | 1603.5 | 28890813 | 28892416.5 | 28888147 | - | 4269.5 |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 887533 | 1258102 | 2145635 | 375636 | - | 1769999 |
| സ്വച്ഛ ഭാരത് മിഷൻ | 455000 | - | 455000 | 426020 | | 28980 |
| സ്വച്ഛ ഭാരത് മിഷൻ Phase II | 297090 | | 297090 | - | - | 297090 |
| PBIG | 168276 | - | 168276 | 45000 | | 123276 |
| ഹെൽത്ത് ഗ്രാന്റ് | 7891 | 812891 | 820782 | 447410 | | 373372 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 528000 |
| | അങ്കണവാടി അധിക വേതനം | 1226400 |

| | | |
|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 631323 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 100228919 | 116 | 51085805 | 35 | 40 | 80.53 |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 15423858 | 9454708 | 61.3 |
| സേവനം | 64883679 | 32344587 | 49.85 |
| പശ്ചാത്തലം | 19921382 | 9286510 | 46.62 |
| ആകെ | 100228919 | 51085805 | 50.97 |

(3) 1.51 കോടി രൂപയുടെ പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കിയില്ല

തൻവർഷം അംഗീകാരം വാങ്ങിയ 191 പ്രോജക്ടുകളിൽ 40 പ്രോജക്ടുകളാണ് നടപ്പിലാക്കാതിരുന്നത്. വ്യക്തമായ ആസൂത്രണത്തോടെയല്ല പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രോജക്ടുകൾ ആവശ്യാധിഷ്ഠിതമായാണോ ആവിഷ്കരിച്ചിട്ടുള്ളതെന്നും പ്രവർത്തന കലണ്ടർപ്രകാരം നിർവ്വഹണം നടത്താൻ കഴിയുന്നുണ്ടോ എന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തൻ വർഷം 1.51 കോടി രൂപയുടെ പ്രോജക്ടുകളാണ് നടപ്പിലാക്കാതിരുന്നത്. പ്രോജക്ടുകൾ നടപ്പിലാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക |
|---|---|---|
| അസിസ്റ്റൻറ് എഞ്ചിനീയർ (തസ്വഭവ) | 24 | 10416215 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 1 | 110000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 850872 |
| വെറ്ററിനറി സർജൻ | 2 | 1237800 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 10 | 2480427 |
| ഹെഡ്മാസ്റ്റർ , ഗവൺമെൻറ് എൽ .പി.സ്കൂൾ | 1 | 49800 |
| | 40 | 15145114 |

നടപ്പിക്കാലാതിരുന്ന പ്രോജക്ടുകളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ആയി ആവിഷ്കരിച്ച പ്രോജക്ടുകളും ഉൾപ്പെടുന്നു. സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പദ്ധതിമാർഗ്ഗരേഖ( സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022) പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട്

നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.നിലാവ് പദ്ധതി (അടങ്കൽ 264000/-)

2,കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടറി സർവീസ് അടങ്കൽ 50,000/-)

3,ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (അടങ്കൽ ₹600000/-)

4, വള്ളത്തോൾ വായനശാല ശൗചാലയ നിർമ്മാണം ( അടങ്കൽ ₹200000/-)

7.80 & 89 നമ്പർ അംഗൻവാടി കെട്ടിടങ്ങൾക്ക് വയറിങ് (അടങ്കൽ ₹200000/-)

പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി 24.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1603.50 | 2177761 | 2179364.5 | 2175095 | 4269.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26713052 | 26713052 | 26713052 | |
| ആകെ | 1603.50 | 28890813 | 28892416.5 | 28888147 | 4269.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *പെൻഷൻ ഇനം* | *ചെലവ്* | *ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2718300 | 223 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2403600 | 217 |
| വിധവാ പെൻഷൻ | 10191900 | 940 |
| വാർദ്ധക്യകാല പെൻഷൻ | 21339500 | 2024 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 537000 | 46 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023തീയതിൽ 11 A.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1671/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ മികച്ച പുരോഗതി

കൈവരിക്കാൻ ഗ്രാമപ്പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/06/2012 | 2011-12 | 24/09/2013 |
| പെർഫോമൻസ് ഓഡിറ്റ് | 06/07/2022 | 01/2022-03/2022 | 07/07/2022 |

## 1-11 റവന്യൂ വിഭവ സമാഹരണം - അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി-നികുതിയേതര വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, വാടക എന്നിവയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ നികുതി പിരിവ് ശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | നികുതി പിരിവ് ശതമാനം |
|---|---|
| 2020-21 | 88 |
| 2021-22 | 96.01 |
| 2022-23 | 100 |

നികുതി- നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>തൊഴിൽ നികുതി</u>

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ജീവനക്കാർ | 1108180 | 1108180 | 0 |
| ട്രേഡേഴ്സ് | 131860 | 131860 | 0 |
| ഇൻസ്റ്റിറ്റ്യൂഷൻ | 65600 | 65600 | 0 |

തൊഴിൽ നികുതി ഇനത്തിലെ വരവ് 100% ആക്കാൻ കഴിഞ്ഞിട്ടുണ്ട്. നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കാത്തതാണ് പ്രധാന കാരണം. വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>വസ്തു നികുതി</u>

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ സഞ്ചയ പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി | 6202191 | 5388545 | 848318 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരുന്നു. റിക്കവറി നടപടി അടിയന്തിരമായി പൂർത്തീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും, നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റി വിലയിരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് നിലവിൽ 10% സേവന ഉപനികുതി ഈടാക്കുന്നുണ്ട്. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. സഞ്ചയ പ്രകാരം 49 അനധികൃത കെട്ടിടങ്ങളുണ്ട്. അനധികൃത നിർമ്മാണങ്ങൾക്ക് യു എ നമ്പർ അനുവദിച്ച് മൂന്നിരട്ടി നികുതി ഈടാക്കുന്നുണ്ട്.

വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് , G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നില്ല. ഇത് അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സംഭവിക്കുന്ന വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൗകര്യങ്ങളെയും (ഉപയോഗക്രമത്തിലെ മാറ്റം, തറ വിസ്തീർണ്ണത്തിലെ വർദ്ധനവ് മുതലായവ) തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

വസ്തു നികുതി പരിഷ്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 ആണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (18.08.2023 ലെ 2(1)- ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്. വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.

നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ. അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലൈസൻസ് ഫീസ് | 172500 | 172500 | 0 |
| വാടക | 79092 | 79092 | 0 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 162847 | 162847 | 0 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 70558 | 70558 | 0 |

നികുതിയേതര വരുമാനത്തിലെല്ലാം തന്നെ മുൻ വർഷത്തെക്കാൾ പിരിവ് പുരോഗതി ഉണ്ടായിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളെയെല്ലാം തന്നെ ലൈസൻസ് പരിധിയിൽ കൊണ്ട് വരേണ്ടതാണ്.

നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതിയുടെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടുള്ളതാണ്. എന്നാൽ പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതിനു നിർദേശം നല്കേണ്ടതാണ്. നാലുമണിക്കാറ്റ്-ചെമ്പകപ്പാലത്തിന് സമീപം സായാഹ്ന പാർക്ക് സജ്ജീകരണം എന്ന പേരിൽ വിനോദ സഞ്ചാരത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതി ഏറ്റെടുക്കുന്നതായി അറിയിച്ചിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും വരുമാന വർധനവിനും ഉതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ്

കേരള പഞ്ചായത്ത് രാജ് നിയമം 204-ാം - വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്, ഇടപാടുകൾ നടത്തുന്ന

ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

1.കളീയ്ക്കൽ കമ്മ്യൂണിക്കേഷൻസ്.

2.അഖില കമ്മ്യൂണിക്കേഷൻ ജനസേവന കേന്ദ്രം.

3.അക്ഷയ കേന്ദ്രം, വള്ളിക്കോട്.

4.കരിക്കിനേത്ത് ഫേബ്രിക്സ്, കൈപ്പട്ടൂർ.

5.ഇഷ്ടിക ചൂളകൾ.

മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല

2022-23 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ, ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

1.ജഗതി.എസ്.കൃഷ്ണ.

2.ഷിബു കുമാർ.ഡി.

3.കൃഷ്ണൻ നായർ.ജി.

4.വിജയകുമാരൻ നായർ.

5.വിപിൻ.വി.

6.സുനിൽ കോശി.

7.സുബാഷ്.കെ.

8.ശ്രുതി.എസ്.

9.ടിനു.റ്റി.

ഗ്രാമപഞ്ചായത്തിൽ ടി. കരാറുകാർ തൻവർഷം ഏറ്റെടുത്ത് നടത്തിയ മരാമത്ത് പ്രവർത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യത വരുത്തി നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ ഒരെണ്ണം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് . അവശേഷിക്കുന്ന 13 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലേലം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 11 ൽ ശ്രീ. ലിന്റു തോമസ്, മിലൻ വില്ല എന്നയാളുടെ വസ്തുവിന് സമീപം തോട് പുറംപോക്കിൽ നിൽക്കുന്ന മരങ്ങളുടെ വാല്യുവേഷൻ ലഭ്യമാക്കുന്നതിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പത്തനംതിട്ട , ചെറിയ മരങ്ങളിൽ ഓരോന്നിനും 52554/- രൂപ വീതവും വലിയ മരത്തിന് 360603/- രൂപയുമടക്കം ആകെ 465711/- രൂപയുടെ വാല്യുവേഷൻ നിശ്ചയിക്കുകയും ഈ തുക 21.11.22 ലെ 8(1)പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത തീരുമാന പ്രകാരം, 20.01.23 തിയതിയിൽ ആദ്യ ലേലം നടത്തിയതിൽ ആരും പങ്കെടുത്തില്ല. തുടർന്ന് ഭരണ സമിതിയുടെ 23.01.23 ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം 24.02.23 ൽ നടത്തിയ പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല. പിന്നീട് ലേല നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിശദാംശം ഓഡിററിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇ- ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി 2022 -23 വർഷം കരാറുകാർ അടച്ച 67800രൂപ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള ഉപയോഗക്രമം | തറ വിസ്തീർണ്ണം($m^2$) | ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള ഉപയോഗക്രമം | നിലവിൽ ഈടാക്കുന്ന അടിസ്ഥാന നികുതി നിരക്ക് (₹) | ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് (₹) |
|---|---|---|---|---|---|
| 15/306 | പാർപ്പിടം | 120 | വാണിജ്യം | 7 | 60 |
| 2/237 | പാർപ്പിടം | 45 | വാണിജ്യം | 7 | 45 |
| 5/52 | പാർപ്പിടം | 28 | വാണിജ്യം | 7 | 45 |

ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വാണിജ്യ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കാത്തതിനാൽ ഈടാക്കുന്ന വസ്തു നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/21.10.2023) മറുപടിയായി സഞ്ചയയിലെ ഡേറ്റാ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 തെരുവു വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയറിംഗും - അപാകതകൾ

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 98/23, തെരുവ് വിളക്ക് മെയിൻറനൻസിനാവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയറിംഗും |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 800000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 516175/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി അലൂമിനിയം വയർ 1.50 എം എം 10 കോയിൽ ലഭ്യമാക്കാനാണ് സുപർണ ട്രേഡേഴ്സ് എന്ന കമ്പനിക്ക് നൽകിയിരുന്നത്. എന്നാൽ സപ്ലൈ ചെയ്തത് 01 Mm ന്റെ പത്ത് കോയിൽ അലൂമിനിയം വയറാണ്. 9/11/22 ന് ഇത് മാറ്റി നൽകുന്നത് സംബന്ധിച്ച് സെക്രട്ടറി സ്ഥാപനത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ അലൂമിനിയം വയർ മാറ്റി നൽകിയതിന്റെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12 തീയതി, 12/10/23), ആവശ്യപെട്ട സ്പെസിഫിക്കേഷനിൽ ഉള്ള സാധനം പിന്നീട് ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ ടെണ്ടർ /ക്വട്ടേഷൻ മുഖേന വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2. ഈ പദ്ധതിയിൽ ഉൾപെടുത്തി എല്ലാവർഷവും തെരുവ് വിളക്കുകൾ വാങ്ങുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന നിലാവ് പദ്ധതി പൂർണമായും നടപ്പിലാക്കിയിട്ടില്ല.

3. കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുജനങ്ങൾക്ക് പരാതി നല്കുന്നതിനായി പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ പരാതി രജിസ്റ്റർ സൂക്ഷിക്കുകയും. തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നില്ല.

4. തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പരുകൾ ഉൾപ്പെടെ എണ്ണം, ഇനം എന്നിവ തയാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഇല്ലാതെ ആസ്തിപരിപാലനത്തിനും അറ്റകുറ്റപണിക്കും വേണ്ടി എല്ലാവർഷവും വലിയ തുക ചെലവഴിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി, വാർഡ് തിരിച്ച് പോസ്റ്റ് നമ്പരും തെരുവ് വിളക്കിന്റെ ഇനം തരം, എണ്ണം എന്നിവയും ചേർക്കാതെയാണ് ഒരോ വർഷവും പുതിയ ലൈറ്റുകൾക്ക് ഡിമാൻഡ് ചെയ്യുന്നത്. രജിസ്റ്ററിന്റെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനും കഴിയില്ല.

5. ആവശ്യമായ സാധനങ്ങളുടെ വാർഷിക ആവശ്യകത നിർണയിച്ച് എസ്റ്റിമേറ്റ് തയാറാക്കിയിട്ടല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് കമ്മറ്റിയാണ് ഗുണനിലവാര പരിശോധന നടത്തുന്നതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.12/21.10.2023), സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അതിനുള്ള സാങ്കേതിക പരിജ്ഞാനം കമ്മിറ്റിക്കുണ്ടോയെന്നത് വ്യക്തമല്ല.

## 1-18 ടേക്ക്-എ-ബ്രേക്ക് ടോയ്‌ലെറ്റ് നിഷ്ക്രിയ ആസ്തിയായി മാറുന്നു

ചന്ദനപ്പള്ളി - കോന്നി റോഡിൽ ആമ്പൽപ്പൂഞ്ചിറയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനിപാർക്കിലാണ് ടോയ്‌ലറ്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. മിനി പാർക്ക് ഇനിയും യാഥാർത്ഥ്യമായിട്ടില്ല. മിനിപാർക്കിലുള്ള ചിറ പായൽ മൂടിക്കിടക്കുന്നു. പാർക്കിനു സമീപത്ത് ചാരുബെഞ്ചുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പാർക്കും പരിസരവും കാടുപിടിച്ച അവസ്ഥയിലാണ്. യാഥാർത്ഥ്യമാകാത്ത പാർക്കിലാണ് ടോയ്‌ലെറ്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

2020-21 വർഷം അംഗീകാരം ലഭിച്ച കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചത് 2022-23 സാമ്പത്തിക വർഷമാണ്. നിർമ്മാണപ്രവൃത്തിയ്ക്കായി ആകെ ചെലവഴിച്ചത് 866506 രൂപയാണ്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉൾപ്പെട്ടിരുന്നു(ഖണ്ഡിക 1-17 കാണുക). എന്നാൽ നിലവിലും പഴയ അവസ്ഥ തുടരുന്നു. ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി ചെലവഴിച്ച 8.6 ലക്ഷം രൂപ പാഴാകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

മിനി പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി ടോയ്‌ലറ്റ് കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ വിശിഷ്യാ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-19 വാതിൽപ്പടി സേവനം -പരിശീലനത്തിൽ ഒതുങ്ങി

| | |
|---|---|
| പ്രോ.നം, പ്രോജക്റ്റിന്റെ പേര് | 99/23, വാതിൽപ്പടി സേവനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 84900 (പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 9900 |

പദ്ധതിക്ക് വേണ്ടി 24/06/22 ൽ പഞ്ചായത്ത്തല പരിശീലനം നടത്തിയതല്ലാതെ മറ്റു പ്രവർത്തനം ഒന്നും (വാതിൽപ്പടിസേവനം ആവശ്യമായ വ്യക്തികൾ/കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുക) ഉണ്ടായിട്ടില്ല. വാതിൽപ്പടി സേവനം നടത്താത്ത വീടുകൾ കണ്ടെത്താനും വാതിൽപ്പടി സേവനം പൂർത്തിയാക്കാനും 27/3/23 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15,തീയതി 24/10/23), വിവിധ വാർഡുകളിൽനിന്നായി 5 സന്നദ്ധ പ്രവർത്തകരെ നിയമിച്ച് വാതിൽപ്പടി സേവനം നടത്തുന്നുണ്ടെന്ന് മറുപടിയാണ് ലഭിച്ചത്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാതിൽപ്പടി സേവനം നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകേണ്ടതാണ്.

## 1-20 തെങ്ങിൻ തൈ ഉത്പാദനം - തുടർ നടപടി ഇല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | 188/23, തെങ്ങിൻ തൈ ഉത്പാദനം, നഴ്സറിക്ക് വിത്ത് തേങ്ങ വാങ്ങി നൽകൽ |
| അടങ്കൽ | 2,80,000 |
| ബിൽ നമ്പർ & തീയതി | 355/15.03.2023 |

കൃഷി വകുപ്പിന്റെ വിത്ത് തേങ്ങ സംഭരണ കേന്ദ്രത്തിൽ നിന്നും 100% സബ്സിഡി നിരക്കിൽ വിത്ത് തേങ്ങ വാങ്ങി MGNREGS മുഖേന നടത്തുന്ന നഴ്സറിക്ക് നൽകുന്നതിനും, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗുണമേന്മ ഉറപ്പുവരുത്തി തൈകൾ വിതരണം ചെയ്യുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ നഴ്സറിക്ക് ആവശ്യമായ സ്ഥലം കണ്ടെത്തൽ, നഴ്സറി നിർമ്മാണം, പരിപാലനം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

കോഴിക്കോട് കൊയിലാണ്ടിയിലുള്ള പന്തലായനി ബ്ലോക്ക് സർവീസ് സെൻററിൽ നിന്നും 280000/- രൂപയ്ക്ക് 4000 നാളികേര വിത്ത് വാങ്ങി എം ജി എൻ ആർ ജി എസിന്റെ അസിസ്റ്റൻറ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം 21 തീയതി 21.10.23).

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഴ്സറിക്ക് ഏതെങ്കിലും തരത്തിലുള്ള അംഗീകാരം ലഭിച്ചതിന്റെ രേഖകൾ, നഴ്സറി നിർമ്മാണം, പരിപാലനം എന്നിവ എംജി എൻ ആർ ഇ ജി എസ് കാര്യക്ഷമമായി നടപ്പിലാക്കുമെന്നുള്ള ഏതെങ്കിലും തരത്തിലുള്ള ഉറപ്പ്/കരാർ, തെങ്ങിൻ തൈകൾ ആർക്കാണ് വിതരണം ചെയ്യേണ്ടതെന്ന വിവരം, പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് നൽകുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ 2022-23സാമ്പത്തിക വർഷത്തെ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തികളുടെ പേര് | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | അംഗൻ വാടിക്ക് ചുററുമതിൽ നിർമ്മാണം | 1 | 35777 |
| 2 | പി.എം.എ.വൈ ഭവന നിർമ്മാണം | 9 | 184112 |
| 3 | ലൈഫ് ഭവന നിർമ്മാണം | 22 | 362657 |
| 4 | അമൃതസരോവർ | 1 | 156323 |
| 5 | കുളം നിർമ്മാണം | 1 | 11050 |
| 6 | മഴക്കുഴി നിർമ്മാണം | 47 | 4624658 |
| 7 | മൺകയ്യാല കയർഭൂവസ്ത്രം വിരിക്കൽ | 40 | 5678245 |
| 8 | തോട് സംരക്ഷണം | 10 | 1348901 |
| 9 | അസോള ടാങ്ക് നിർമ്മാണം | 1 | 933 |
| 10 | കംപോസ്ററ് പിററ് നിർമ്മാണം | 4 | 10338 |
| 11 | സോക് പിററ് നിർമ്മാണം | 4 | 10764 |
| 12 | കിണർ നിർമ്മാണം | 14 | 402532 |
| 13 | കിണർ റീ ചാർജിംഗ് | 10 | 9164 |
| 14 | തരിശു ഭൂമി കൃഷിയോഗ്യമാക്കൽ | 48 | 6268459 |
| 15 | കേര നേഴ്സറി | 1 | 135608 |
| 16 | നേഴ്സറി പച്ചതുരുത്ത് | 4 | 129836 |
| 17 | തീററപ്പുൽ കൃഷി | 22 | 1822810 |
| 18 | മൺറോഡ് നിർമ്മാണം | 5 | 180428 |
| 19 | കോഴിക്കൂട് നിർമ്മാണം | 1 | 30837 |
| 20 | ആട്ടിൻ കൂട്നിർമ്മാണം | 7 | 227865 |
| 21 | കാലിത്തൊഴുത്ത്നിർമ്മാണം | 6 | 107981 |

2022-23 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ 3464 ആണ്. 103 പദ്ധതികൾ നടപ്പിലാക്കി. 155 പദ്ധതികളാണ് 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്. ആയതിൽ 110 എണ്ണം പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്കെല്ലാം തന്നെ തൊഴിൽ ലഭിച്ചിട്ടുണ്ട്. 181 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. 28.08.23നാണ് അവസാനം സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്.പരാതി രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ

തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ജല സുരക്ഷ, സമ്പൂർണ്ണ കിണർ റീ ചാർജ്, കുളം നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിലൂടെ വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും തുടങ്ങി ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മറ്റു പദ്ധതികൾ കൂടുതലായി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചില്ല

മുൻ വർഷങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന പഞ്ചായത്തിനു ലഭിച്ചഫണ്ടുകളും, സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാപഞ്ചായത്തിൽനിന്നും ലഭിച്ച തുകകളും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല (അവലംബം ACR, വാർഷിക ധനകാര്യ പത്രിക - ഷെഡ്യൂൾ ബി -4). വിശദാംശം ചുവടെ ചേർക്കുന്നു.

മറ്റ് വകുപ്പിൽനിന്ന് ലഭിച്ച തുകകൾ

| ഇനം | ലഭിച്ച തുക |
|---|---|
| കൃഷി വകുപ്പിൽനിന്ന് ലഭിച്ചത് | 300000 |
| ISM വകുപ്പിൽനിന്ന് ലഭിച്ചത് | 195113 |
| SSA | 36494 |
| ആകെ | 531607 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചത്

| ക്രമ നമ്പർ | ലഭിച്ച തുകയുടെ വിവരം | തുക നൽകിയ സ്ഥാപനം | അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | അങ്കണവാടി അറ്റകുറ്റപ്പണികൾ | ബ്ലോക്ക് പഞ്ചായത്ത് | 43377 |
| 2 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് | ബ്ലോക്ക് പഞ്ചായത്ത് | 194504 |
| 3 | തേക്കും കാട്ടിൽ കോളനി റോഡ് | ബ്ലോക്ക് പഞ്ചായത്ത് | 101795 |
| 4 | കിണർ റീ ചാർജിംഗ് | ബ്ലോക്ക് പഞ്ചായത്ത് | 1777716 |
| 5 | മിനി പാർക്ക് നിർമ്മാണം | ജില്ലാ പഞ്ചായത്ത് | 248000 |
| 6 | അങ്കണവാടി നിർമ്മാണം(നം.87) | ജില്ലാ പഞ്ചായത്ത് | 154088 |
| 7 | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം (ജനറൽ) | ബ്ലോക്ക് പഞ്ചായത്ത് | 691636 |
| 8 | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം (ജനറൽ) | ബ്ലോക്ക് പഞ്ചായത്ത് | 640975 |
| 9 | എം.എൻ ലക്ഷം വീട് | ജില്ലാ പഞ്ചായത്ത് | 160000 |
| 10 | പാലിന് സബ്സിഡി | ജില്ലാ പഞ്ചായത്ത് | 130565 |
| 11 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് | ജില്ലാ പഞ്ചായത്ത് | 14800 |

| | | | |
|---|---|---|---|
| | സ്കോളർഷിപ്പ് | | |
| 12 | പാലിയേറ്റീവ് കെയർ | ബ്ലോക്ക് പഞ്ചായത്ത് | 2500 |
| 13 | അനുപൂരക പോഷകാഹാരം | ബ്ലോക്ക് പഞ്ചായത്ത് | 638 |

ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി, ലൈഫ് പദ്ധതി, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നിവ എല്ലാ സാമ്പത്തിക വർഷവും ഗുണഭോക്താക്കളുള്ള പ്രോജക്ടുകളാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുണ്ട്. അറ്റകുറ്റപ്പണി ആവശ്യമുള്ളവയും ഉണ്ട്. പ്രത്യേക ആവശ്യത്തിനു ലഭിച്ച ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാതിരിക്കുന്നത് ശരിയായ പ്രവണതയല്ല.

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകൾ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മറ്റ് ഫണ്ടുകൾക്കായി പ്രത്യേക അക്കൗണ്ട് ഇല്ല. ഇവ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ വകമാറ്റിച്ചെലവഴിക്കാനുള്ള സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ ലഭ്യമായ മേൽപ്പറഞ്ഞ ഫണ്ടുകൾ പഞ്ചായത്തിലെ വികസന ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-23 എസ്എൽബിപി - ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തിരികെ ഒടുക്കിയില്ല

2017-18 മുതൽ 2021-22 വരെ സാമ്പത്തിക വർഷങ്ങളിൽ വെറ്ററിനറി സർജ്ജൻ മുഖേന നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരമുള്ള ഗ്രാമപ്പഞ്ചായത്ത് വിഹിതം ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികൾ മരണപ്പെടുക, കൈമാറ്റം ചെയ്യപ്പെടുക മുതലായ കാരണങ്ങളാലാണ് ഇവയ്ക്കായി അടച്ച തുക ചെലവാകാതെ അക്കൗണ്ടിൽ അവശേഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | എൻറോൾ ചെയ്യപ്പെട്ട കന്നുകുട്ടികളുടെ എണ്ണം | പദ്ധതി പൂർത്തീകരിച്ച കന്നുകുട്ടികളുടെ എണ്ണം | കൈമാറിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 49 | 36 | 306250 | 234157 | 72093 |
| 2018-19 | 45 | 41 | 281250 | 253426 | 27824 |
| 2021-22 | 25 | 24 | 312500 | 292057 | 20443 |
| 2021-22 (SCP) | 11 | 11 | 137500 | 130933 | 6567 |
| ആകെ | | | 1037500 | 910573 | 126927 |

പ്രോജക്ട് പൂർത്തീകരിച്ച സാഹചര്യത്തിൽ, മിച്ചം വന്ന തുക ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിൽനിന്ന് തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വെള്ളക്കരം അധികം ഒടുക്കി

പ്രോജക്ട് നമ്പർ 13/23, 59/23 വെള്ളക്കരം ഒടുക്കൽ.

2022 -23 കാലയളവിൽ 280 ടാപ്പുകൾക്കായി വെള്ളക്കരം ഇനത്തിൽ 135618/- രൂപയാണ് ഓരോ മാസവും വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നത്. എന്നാൽ 2022 ജൂൺ മാസം 1,64,435 രൂപ അടച്ചിട്ടുണ്ട്. 28817/-രൂപ അധികം അടയ്ക്കാനുണ്ടായ കാരണം വിശദമാക്കാൻ ആവശ്യപെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13 തീയതി 24.10.23), മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതും, തുക അധികം ഒടുക്കിയിട്ടുണ്ടെങ്കിൽ ബില്ലിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-25 തോട് നവീകരണ പദ്ധതി - അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ രണ്ട് പദ്ധതികളാണ് (1) കൊട്ടമൺ വലിയതോട് തലചേമ്പ് ഏലാത്തോട് മണ്ണ് നീക്കം ചെയ്യൽ (പ്രോജക്ട് നമ്പർ 131/23. അടങ്കൽ 297766 /-, ചെലവ് 297700/-

(2) തലയിറത്തോട് വിരിയൻ കുഴി നവീകരണത്തിന്റെ ഭാഗമായി തലയിറത്തോടിന്റെ സൈഡ് കെട്ടൽ (അടങ്കൽ 943000/-, ചെലവ് 943000/- പദ്ധതി നം 174/23) എന്നിവ.

ഈ പദ്ധതികളുടെ നടത്തിപ്പ് 18/3/23-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 4 പ്രകാരം മൈനർ ഇറിഗേഷൻ, (പത്തനംതിട്ട) കോന്നി ഡിവിഷനെ ഏല്പിച്ചു. എക്സിക്യൂട്ടീവ് എൻജിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തു. (7/02/23ലെ ഉത്തരവ് നമ്പർ സി-5 174/ 23 (2) പ്രകാരം.) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 16/8/2022-ൽ ഈ പദ്ധതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് തുക മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തത് 18/1/23-ൽ മാത്രമാണ്. പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഈ കാലതാമസം തടസ്സമായിട്ടുണ്ട്.

2. പഞ്ചായത്തിന് സ്വന്തമായി മരാമത്ത് വിഭാഗം ഉണ്ട്. ജലസേചന വകുപ്പിന്റെ അനുവാദം ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ പരിധിയിൽ പ്പെട്ടതുമായ തോടുകളുടെ നവീകരണം മൈനർ ഇറിഗേഷൻ ഡിവിഷൻ മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

3. ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞുകൂടുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ, സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തീയതി 19 പ്രകാരം പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. അതിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

4. മേൽപ്പറഞ്ഞ പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനവും എന്താണെന്ന് പ്രോജക്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

5. ഈ പ്രോജക്ടുകൾ വെറ്റ് ചെയ്തിരിക്കുന്നത് നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി തന്നെയാണ്. മാർഗരേഖ പ്രകാരം പദ്ധതി അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല [പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, ഖണ്ഡിക നം. 3 (8) 1].

6. ഈ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭിക്കാത്തതിനാൽ ഇവയുടെ നിർവഹണം, നടപ്പിലാക്കാൻ ആവശ്യമായ യഥാർത്ഥ തുക, പദ്ധതിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അപാകതകൾ ഓഡിറ്റ് എൻക്വയറി (14/20.10.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 അജൈവമാലിന്യ ശേഖരണം നടപ്പായില്ല

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 132/23, ഹരിതകർമ്മസേനയ്ക്ക് അജൈവമാലിന്യ ശേഖരണത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 200000/-(തനത് ഫണ്ട്) |
| ചെലവ് | 10760/- |

പഞ്ചായത്ത് ഭരണസമിതിയുടെ 1/07/22ലെ 3(1) തീരുമാനപ്രകാരം, ഹരിത കർമ്മ സേന മുഖാന്തരം അജൈവമാലിന്യങ്ങൾ ശേഖരിച്ച് മിനി എം.സി.എഫിലേക്ക് എത്തിക്കുന്നതിനുള്ള വാഹനം വാടകയ്ക്ക് എടുക്കുന്നതിന്, ഒരു വർഷത്തേക്ക് കിലോമീറ്ററിന് 40/- രൂപ നിരക്കിൽ ക്വട്ടേഷൻ നൽകിയിരുന്നു. എന്നാൽ പ്രോജക്ട് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. 10760/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 14/ 20.10.2023) നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല. ചെലവ് വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-27 അങ്കണവാടിയ്ക്ക് വയറിംഗ് - പ്രോജക്ട് നടപ്പിലാക്കിയില്ല

89-ാം നമ്പർ അങ്കണവാടിക്ക് വയറിങ്, ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് (പ്രോ നം. 63, അടങ്കൽ – 200000 രൂപ) ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. ആകെ ഒരു പ്ലഗ് പോയിന്റിൽ മാത്രമാണ് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളതും വൈദ്യുതി ബന്ധം ഉള്ളതുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ പ്ലഗ് പോയിന്റിൽ നിന്നാണ് ഹാളിൽ മാത്രം ഫാൻ, ലൈറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നത്. കെട്ടിടത്തിന്റെ അടുക്കള, ബാത്റൂം, ഹാൾ എന്നിവിടങ്ങളിലൊന്നും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ 3.5(8) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം

അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് .

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റമതിൽ, കുടിവെള്ളം, ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 8.8.2.1ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടും വൈദ്യുതി പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. പ്രോജക്ട് സ്പിൽ ഓവറായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)ചെയിനേജ് രേഖപ്പെടുത്തുന്നില്ല

റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി മുതലായ പ്രവൃത്തികൾ നടത്തുമ്പോൾ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തിയുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.04.2022 ലെ ഡി ബി 1/1966/21/സി ഇ/എൽ ഐ ഡി & ഇ.ഡബ്ള്യൂ. നമ്പർ സർക്കുലർ പ്രകാരം ജലാശയങ്ങൾ, റോഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചെയിനേജ്, ബഞ്ച് മാർക്ക് ഉടങ്ങിയ രേഖപ്പെടുത്തലുകൾ സ്ഥിരമായ രീതിയിൽ സ്ഥിര നിർമ്മിതികളുമായി ബന്ധപ്പെട്ട് സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിച്ച നിബന്ധനകൾ ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ റോഡുകളിൽ ഒന്നും തന്നെ ഇത്തരത്തിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ പല റോഡുകളിലും നിർമ്മാണ പ്രവത്തികളും അറ്റകുറ്റപ്പണികളും റോഡിന്റെ പല റീച്ചുകളിലായി കുറഞ്ഞ ദൂരത്തിലാണ് നടത്തുന്നത്. ഒരു റോഡിൽ മൊത്തമായി നിർമ്മാണ പ്രവൃത്തിയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യുന്നില്ല. പിന്നീടുള്ള വർഷങ്ങളിൽ ഇതേ റോഡിലെ മറ്റു ഭാഗങ്ങളിൽ നിർമ്മാണം/ അറ്റകുറ്റപ്പണി നടത്തുന്നു. റോഡിൽ ചെയിനേജ് മാർക്ക് ചെയ്യാത്തതിനാൽ മുമ്പ് പ്രവൃത്തി ചെയ്ത ഭാഗത്ത് ഡിഫക്ട് ലയബിലിറ്റി പീരിയേഡിനു മുൻപായി വീണ്ടും പണി നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. ചെയിനേജ് വിവരങ്ങൾ ഉൾപ്പെടുത്തിയാണ് എസ്ററിമേറ്റ് തയ്യാറാക്കുന്നതെങ്കിലും പലപ്പോഴും എം. ബുക്കിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തുമ്പോൾ റോഡിന്റെ നീളം അളന്നു നോക്കിയാൽ മാത്രമേ നിർമ്മാണത്തിന്റെ സുതാര്യത ഉറപ്പു വരുത്താൻ കഴിയൂ. ഇത്തരത്തിലുള്ള പരിശോധനയ്ക്ക് പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ഉദാ- പ്രോ.നം.204/2022-23 പോലീസ് സ്റ്റേഷൻ – കുറ്റിയിൽപ്പടി റോഡ് അറ്റകുറ്റപ്പണി.

അപാകം ഒഴിവാക്കുന്നതിനും പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2) ബോർഡ് സ്ഥാപിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുട സുതാര്യത ഉറപ്പു വരുത്തുന്നതിന് പണികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ബോർഡ് പണി സ്ഥലത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖാ ഉത്തരവ് സ.ഉ (കൈ)നം.84/2022/ തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം , ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ളേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ്പ്ളേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല.

പൊതുപ്പണം വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യത പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും പ്രോജക്ടുകളുടെ മോണിട്ടറിംഗ് സുഗമമാക്കുന്നതിനുമുള്ള മേൽ നടപടികൾ മരാമത്ത് പ്രോജക്ടുകളുടെ ഭാഗമാക്കേണ്ടതാണ് .

തുടർ നടപടികൾക്കായി വിഷയം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 കരാർ ജീവനക്കാരുടെ സേവന വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്രെഡിറ്റഡ് എൻജിനീയർ, പ്രോജക്ട് അസിസ്റ്റന്റ് എന്നിവർക്ക് 2022-23 വർഷം 15 ദിവസത്തെയും, ടെക്നിക്കൽ അസിസ്റ്റന്റിന് 30 ദിവസത്തെയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 30 ദിവസത്തെയും ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും, നിയമനം, സേവന കാലയളവ്, ആർജ്ജിത അവധി, സറണ്ടർ ചെയ്ത അവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ അക്കൗണ്ടിലുള്ള ലീവ്, സറണ്ടർ ചെയ്ത ലീവ് എന്നിവയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 സംരക്ഷണ ഗ്രാന്റ് വിഹിതം - 67.03 ലക്ഷം രൂപ നഷ്ടപ്പെടുത്തി

സംരക്ഷണ ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാത്ത പക്ഷം ലാപ്സാകുന്നതാണ്. ലഭ്യമായ റോഡ്- റോഡിതര സംരക്ഷണ ഗ്രാന്റുകൾ യഥാസമയം വിനിയോഗിക്കാതിരുന്നതിനാൽ ഗ്രാമപ്പഞ്ചായത്തിന് 2022-23 ൽ നഷ്ടമായത് 6703208 രൂപ. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുത്തിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 25 | 12 | 6429000 | 2238545 | 4190455 | 35 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 23 | 17 | 4570000 | 2057247 | 2512753 | 45 |
| | 48 | 29 | 10999000 | 4295792 | 6703208 | 39 |

ലഭ്യമായ തുകയുടെ 39 % മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. തൻ വർഷം ആവിഷ്കരിച്ച 48 പ്രോജക്ടുകളിൽ 29 എണ്ണം മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ആസ്തി സംരക്ഷ പദ്ധതി വ്യക്തമായ ആസൂത്രണത്തോടുകൂടി മാത്രം തയ്യാറാക്കുന്നതിനും ലഭ്യമാകുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-31 പണമടച്ചു: പിഎച്ച്സിക്ക് മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല

പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും പിഎച്ച്സിക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | KMSCLനു നൽകിയ തുക | ലഭിച്ചത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 26/2023 – പാലിയേറ്റീവ് കെയർ | 407000 (മരുന്നുകൾ) | 376616 | 30384 |
| | 179608 (ഉപകരണങ്ങൾ) | 149406 | 30202 |
| 241/2023- | 37505 | 32539 | 4966 |

| | | | |
|---|---|---|---|
| പിഎച്ച്സിക്ക് മരുന്ന വാങ്ങൽ | | | |
| 25/2023- പിഎച്ച്സിക്ക് മരുന്ന വാങ്ങൽ | 300000 | 257606 | 42394 |

മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-32 പഠനമുറി- നിർമാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (52/23) |
| വകയിരുത്തൽ | 927571/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 666000/- |
| ബിൽ നം., തീയതി | 22050252011100130900, 24/05/2022 |
| | 22050252011100206168, 16/06/2022 |
| | 22050252011100267243, 04/07/2022 |
| | 22050252011100440090, 22/08/2022 |
| | 22050252011100696079, 27/10/2022 |
| | 22050252011101129853, 03/02/2023 |

വി ഇ ഒ നിർവ്വഹിച്ച പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 175000 രൂപ വീതം സഹായം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ഇതുവരെ നല്കിയ തുക(₹) |
|---|---|
| സുമ എം, ശ്രുതി ഭവനം, വാഴമുട്ടം | 112000 |
| വിനോദിനി വി ആർ, വല്യമഠത്തിനാൽ തെക്കേതിൽ, വാഴമുട്ടം | 112000 |
| പ്രസന്ന ആർ, അയ്യൻകോയിക്കൽ, നരിയാപുരം | 112000 |
| രാജേഷ് കുമാർ ആർ, രാജേഷ് ഭവനം, വള്ളിക്കോട് | 87000 |

2021-22 വർഷം പഠനമുറി നിർമ്മാണം ആരംഭിച്ച് ആദ്യ ഗഡു കൈപ്പറ്റിയ, മേൽ സൂചിപ്പിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വി ഇ ഒയ്ക്ക് ഓഡിറ്റ് എൻക്വയറി (നം.26/21.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല

ഹരിതകേരളം മിഷനവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം. | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം, 158/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

| | |
|---|---|
| ഫണ്ട് | സി. എഫ്. സി(ടൈഡ്) |
| അടങ്കൽ | 204900 |
| ചെലവ് | 192900 |
| ബിൽ നം., തീയതി | 22050252011101211072/20.02.2023 |

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ പ്രോജക്ട്നം -158/23 പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിനും ആറുമാസകാലയളവിലേക്ക് ഹരിതമിത്രം സോഫ്റ്റ് വെയറിന്റെ സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് സേവനങ്ങൾ എന്നിവക്കുള്ള തുകയായ ₹1,92,900/- കെൽട്രോണിന് മുൻകൂറായി നൽകിയിരുന്നു.

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 11/20.10.2023) നല്കിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ നിന്ന് വാങ്ങിയ ലാപ്ടോപ്പും ക്യൂ ആർ കോഡുകളും സപ്ലൈ ചെയ്തിട്ടുണ്ടെന്നും ക്യൂ ആർ കോഡ് വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിക്കുന്ന ജോലി നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. നിലവിൽ 4816 വീടുകളിലും 201 സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്ന് വാങ്ങിയ ലാപ്ടോപ്പ് വാർ റൂം പ്രവർത്തനത്തിനായി ഉപയോഗിക്കുന്നതായും മറുപടി നല്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ഫലപ്രദമായി നടപ്പിലാക്കി മോണിട്ടറിങ്ങ് റിപ്പോർട്ട് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | കൃഷിയിടങ്ങളിൽസംരക്ഷണ കവചം നിർമ്മാണം | 150000 | 0 |
| | 300000 | വാഴകൃഷിനികസനം -ജനറൽ | 300000 | 0 |
| | 600000 | ഞങ്ങളുംകൃഷിയിലേയ്ക്ക് പച്ചക്കറിവികസന പദ്ധതി -വനിത | 600000 | 0 |
| | 57421 | തെങ്ങ്കൃഷിവികസന പദ്ധതി | 57421 | 0 |

| | | | | |
|---|---|---|---|---|
| | 1930000 | നെൽകൃഷിവികസനം | 1930000 | 0 |
| | 1165000 | ലൈഫ് ഭവന പദ്ധതി | 1165000 | 0 |
| | 50000 | അഗതിരഹിതകേരളം പദ്ധതി | 50000 | 0 |
| | 974000 | ഭവനപുനരുദ്ധാരണം ജനറൽ | 974000 | 0 |
| | 700000 | ലൈഫ് ഭവനപദ്ധതി | 700000 | 0 |
| | 300000 | അംഗനവാടി അനുപൂരകപോഷകാഹാരപരിപാടി | 300000 | 0 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 192214 | സ്മാർട്ട് അംഗനവാടി മോടിപിടിപ്പിക്കൽ വാർഡ് 4-90-ാം നമ്പർ അംഗനവാടി | 192214 | 0 |
| | 250000 | പാലിന് സബ്സിഡി | 250000 | 0 |
| | 996000 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 996000 | 0 |
| | 18538 | അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ ഭക്ഷണം | 18538 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | നെൽകൃഷിവികസനം | 500000 | 0 |
| | 267148 | പാലിയേറ്റീവ് കെയർ പദ്ധതി | 267148 | 0 |
| | 1040000 | ലൈഫ് ഭവന പദ്ധതി എസ് സി പി | 1040000 | 0 |
| | 400000 | ലൈഫ് ഭവന പദ്ധതി | 400000 | 0 |
| | 200000 | അംഗനവാടി അനുപൂരകപോഷകാഹാരപരിപാടി | 200000 | 0 |
| | 63700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളര്ഷിപ്പ് | 63700 | 0 |
| | 100000 | പാലിന് സബ്സിഡി | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ചുവടെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് (യൂട്ടിലൈസേഷൻ ലഭിച്ചിട്ടുള്ളത്) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മൈനർ ഇറിഗേഷൻ | 131/23 -തലയിറതോട് വിരിയൻകുഴി ഭാഗം നവീകരണം | 297000 | - | 297000 |
| | 174/23 വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ വിവിധ തോടുകളുടെ നവീകരണം | 943000 | - | 943000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക

നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | 5712670 | 3908671 | 1159323 | 0 | 2749348 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2021-22വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരികെ അടച്ച തുകകൾ

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|
| 2021-22 | 4438 | സുധീഷ് സദാനന്ദൻ | 1220104115 Dtd 26.12.2022 |
| | 2000 | ഷിജുമാത്യു | 1220104326 Dtd 18.01.2023 |
| | 450 | ഷിജുമാത്യു | 1220104329 Dtd 18.01.2023 |
| | 1436 | വിജയകുമാരൻനായർ | 1220104363 Dtd 21.01.2023 |
| | 1132 | വിപിൻ | 1220104364 Dtd 21.01.2023 |
| | 1249 | ഹരികൃഷ്ണൻ പി വി | 1220104365 Dtd 23.01.2023 |
| | 2475 | സതീഷ് കുമാർ | 1220104378 Dtd 24.01.2023 |
| | 988 | സതീഷ് കുമാർ | 1220104384 Dtd 25.01.2023 |

| | | | |
|---|---|---|---|
| ആകെ | 14168 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം 4) | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | 2 (അനുബന്ധം 5) | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/17/02 തീയതി 30-03-02 | 2 (37, 38) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി2/29/02 തീയതി 07-05-02 | 2 (28 ,49) |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01 തീയതി 17-11-01 | 1 (10) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07 തീയതി 16-12-2008 | 1 (3-2) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09 തീയതി 16-10-2009 | 2 (3-8, 3-9) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09 തീയതി 28-11-09 | 1 (3-6) |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10 തീയതി 01-03-2011 | 3 (3-4, 3-6, 3-15) |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11 തീയതി 14-12-2013 | 3 (3-8, 3-9, 3-16) |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11 തീയതി 13.07.12 | 5 (3-14, 3-15, 3-16, 3-17, 3-18) |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13 തീയതി 19.03.14 | 1 (3-2 (4)) |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14 | 1 (3-1) |

| | | |
|---|---|---|
| | തീയതി 24.02.14 | |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16 തീയതി 06-08-2016 | 4(2-3, 3-2, 3-3, 3-10) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/17 തീയതി 06-02-2017 | 5 (2-7, 3-5, 3-6, 3-11, 3-12) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17 തീയതി 18.07.17 | 2 (2-3, 3-4) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/180/19 തീയതി 03/04/2019 | 5 (3-2, 3-6, 3-11, 4-1, 4-2) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി9/98/20 തീയതി 05/03/2020 | 7 (1-13, 1-16, 1-19, 1-20, 1-23, 1-26, 4-3) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി9/842/2021 തീയതി 24/12/2021 | 1-12, 1-13, 1-14, 1-15, 1-16, 1-18, 4-1, 4-2 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി9/661/2022 തീയതി 13/07/2022 | 1-11, 1-14, 1-15, 1-18, 1-19, 1-22, 1-23, 1-24, 1-26 |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി9/119/2023 തീയതി 22/03/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the VALLICODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of VALLICODE Grama Panchayat for the year 2022-2023

Date: 10/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of VALLICODE Grama Panchayat for the Year 2022-2023.

**1.Major Observations**

1.The asset register is inaccurate. The value of assets in the financial statements does not match the amount in the asset register.

**2.Other Observations**

1.Schedule B4 (Grants & Contributions for specific purposes):- Balance amount of Grants received for joint venture projects does not match with treasury account.
2.Loan Account - Balance not accurate. Rs.520000 received in the form of Life State share has been accounted as secured loan.
3.Entry regarding closing stock is not included in AFS.

4.a) The amount deposited at PWD in 2017-18 for the installation of UPS for Panchayat Office has not been adjusted.

b)Rs. 10000 in 2018-19 as Temporary Advance for Official Purpose has not been adjusted.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്